/

## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ ; 5898

7-7-2014 ൽ
മറുപടിയ്ക്ക്

### സി-ഡിറ്റിന് ലഭിക്കേണ്ട തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിന്റെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; ബന്ധപ്പെട്ട യോഗങ്ങളുടെ മിനിട്ട്സ് ലഭ്യമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി - ഡിറ്റിന്റെ ഗവേണിംഗ് ബോഡി 3 തവണയും എക്സിക്യൂട്ടീവ് കമ്മിറ്റി 5 തവണയും യോഗം ചേർന്നിട്ടുണ്ട്. എന്നാൽ 3- ാമത്തെ യോഗത്തിന്റെ മിനിട്ട്സ് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ സമർപ്പിച്ചിട്ടില്ല. ബന്ധപ്പെട്ട യോഗങ്ങളുടെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| ബി) 2014 മാർച്ച് 31 വരെ പദ്ധതികൾ പൂർത്തീകരിച്ച വകയിൽ സി-ഡിറ്റിന് ഏതൊക്കെ സർക്കാർ സ്ഥാപനങ്ങൾ/മറ്റു വകുപ്പുകൾ എന്നിവയിൽ നിന്നും ഇനിയും തുക ലഭിക്കേണ്ടതായിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനം, വകുപ്പ്, പ്രോജക്ടിന്റെ പേര്, ലഭിക്കേണ്ട തുക എന്നിവ ലഭ്യമാക്കാമോ? | ബി) 2014 മാർച്ച് 31 വരെ പദ്ധതികൾ പൂർത്തീകരിച്ച വകയിൽ സി-ഡിറ്റിന് വിവിധ വകുപ്പുകളിൽ നിന്നായി 10,67,80,095/- രൂപ ലഭിക്കേണ്ടതായിട്ടുണ്ട്. തുക നൽകേണ്ട സ്ഥാപനങ്ങൾ /വകുപ്പുകൾ,പ്രോജക്ട് എന്നിവയുടെ വിവരം അനുബന്ധം 2- ആയി ചേർക്കുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**